ഉത്തരം

(എ) സബ് സ്റ്റേഷൻ സ്ഥാപിക്കാനാവശ്യമുള്ള സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ നടന്നു വരുന്നു.

(ബി) ഉണ്ട്.

(സി) ബോർഡ് ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്.†

(ഡി) സ്ഥലം ഏറ്റെടുക്കുന്നതിനായി വാർഡ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടർക്ക് ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചു കഴിഞ്ഞു.

(ഇ) സ്ഥലം അക്വയർ ചെയ്താലുടൻ ജോലികൾക്കുള്ള ടെൻഡറുകൾ ക്ഷണിക്കൽ തുടങ്ങിയ നടപടികൾ ആരംഭിക്കുന്നതാണ്.

(എഫ്) സ്ഥലം ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി സ്ഥലം ഏറ്റെടുത്തതിനു ശേഷം മാത്രമേ പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളു.

(ജി) സ്വീകരിക്കുന്നതാണ്.

**മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ 33 കെ.വി.സബ് സ്റ്റേഷനുകൾ**

**114 (282)** ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ എത്ര 33 കെ.വി. സബ് സ്റ്റേഷനുകൾ ആരംഭിക്കാനുദ്ദേശിക്കുന്നു; എവിടെയൊക്കെ;

(ബി) പ്രവൃത്തി ആരംഭിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചു?

ഉത്തരം

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ രണ്ട് 33 കെ.വി.സബ് സ്റ്റേഷനുകൾ ആരംഭിക്കുവാനാണ് പദ്ധതിയുള്ളത്. അനന്തപുരത്തും, പെർളയിലും.

(ബി) അനന്തപുരം സബ് സ്റ്റേഷനുവേണ്ടി കാസർഗോഡ് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്ററിന്റെ ഒരേക്കർ സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. പെർള സബ് സ്റ്റേഷനുവേണ്ടി ഒരേക്കർ സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം അക്വയർ ചെയ്യാൻ വേണ്ട നടപടികൾ പുരോഗമിച്ചു വരുന്നു. രണ്ട് സബ് സ്റ്റേഷനുകളും ടേൺ കീ അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനായിട്ടുള്ള എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

---

† അനുബന്ധംXVIII

LIBRARY ARCHIVES Kerala Legislative Assembly